(ഇ) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണതയെ സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിലവിൽ കൈക്കൊണ്ട നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വിവിധ അതിക്രമങ്ങളുടെ കണക്ക്

122 [78] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മോഷണം, ഭവനഭേദനം, കവർച്ച, കൊലപാതകം, സ്ത്രീപീഡനം, ബലാൽസംഗം എന്നിവയുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവ ഓരോന്നിലും എത്ര പ്രതികളെ വീതം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പോലീസ് സ്റ്റാഫ് സഹകരണസംഘ ഓഫീസിലെ അതിക്രമം

123 [79] *ശ്രീ. ലൂഡി ലൂയിസ്:*
„ എം. എം. ഹസ്സൻ:
„ ടി. എൻ. പ്രതാപൻ:
„ കെ. വി. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പോലീസ് കമ്മീഷണർ ആഫീസിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റാഫ് സഹകരണസംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗമായ എം. ഷറഫുദ്ദീൻ എച്ച്. സി. ടി. 617 എന്നയാൾ 14-6-2005-ൽ പ്രസ്തുത സംഘം ഓഫീസിലെത്തി സംഘം സെക്രട്ടറിയേയും മറ്റു സ്റ്റാഫംഗങ്ങളേയും അസഭ്യം പറയുകയും അധിക്ഷേപിക്കുകയും ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly